തലശ്ശേരി നിയോജകമണ്ഡലത്തിൽ അനുവദിച്ച പന്ന്യന്നൂർ ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം)-ക്ക് സമർപ്പിക്കുകയും ആയതിന് 2,54,000 (രണ്ട് ലക്ഷത്തി അൻപത്തി നാലായിരം) രൂപയ്ക്ക് 22-1-2021-ൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പന്ന്യന്നൂർ ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണത്തിന്റെ പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നും അറിയിക്കുമോ?

പന്ന്യന്നൂർ ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണത്തിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി ഐ.ടി.ഐ. വകുപ്പിന്റെ റിക്വയർമെന്റ്സ് ആർക്കിടെക്ചർ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. ആർക്കിടെക്ചർ വിഭാഗത്തിൽനിന്ന് രൂപരേഖ ലഭ്യമാക്കി സാധ്യതാപഠനം നടത്തേണ്ടതുണ്ട്. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കിയ ശേഷം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കൊല്ലം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

3(2359) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം മണ്ഡലപരിധിയിൽ പൊതുമരാമത്ത് വകുപ്പിലെ നിരത്തുവിഭാഗം മുഖേന നടപ്പിലാക്കുന്നതിനായി 2019-20 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## ചാത്തന്നൂർ മണ്ഡലത്തിലെ കെട്ടിടനിർമ്മാണ പ്രവൃത്തികൾ

4(2360) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ ചുമതലയിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് ഏതെല്ലാം പ്രവൃത്തികളാണ് നിലവിൽ നടന്നുവരുന്നത്;

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly